# കളർ പെൻസിൽ



ഹയർസെക്കണ്ടറി സ്കൂൾ പോത്തുക്കൽ

# MAGAZINE 2019 “COLOUR PENCIL”

Catholicate Higher Secondary School,Pothukal

Place of publication:

**Catholicate Higher Secondary School**
Pothukal,Bhoodan colony PO.
Phone: 04931 240282

Periodicity of Publication:

**Annual 2019**
For Private Circulation Only.

Head Master:

**Regy Philip.K**

Chief Editor:

**Regy Philip.K**

Staff Editor:

**Shaji. E .T.**

Student Editor:

**Afrin. T. H.**

Photos:

**Team Little Kites**


Layout:

**Team Little Kites**

Designing Layout:

**Team Little Kites**


# FOUNDER



## H.G. Thoma Mar Dionysius

# FOND REMEMBERANCE

**Our Former Superior and Manager**



**H.H. Moran Mar Baselios Marthoma Didimos Valiya Bava**



**Very Rev. Younan Samuel Ramban**

**Corporate Manager of Schools and Superior of Mount Tabor Diara**



# ആശംസകളോടെ...

പോത്തുകൽ കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു. കലാപരമായും കായികപരമായും സാങ്കേതികമായും ലോകനിലവാരത്തിലേക്ക് നമ്മുടെ വിദ്യാലയവും എത്തിച്ചേരുന്നു എന്നതിൽ നമുക്കേറെ അഭിമാനിക്കാം. ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.....

ഫാ. ബിജി സി. ചാണ്ടി
പ്രിൻസിപ്പാൾ



**തലമുറകൾക്ക് വെളിച്ചം പകർന്ന് മുന്നേറിക്കൊണ്ടിരിക്കുന്ന**
കാതോലിക്കേറ്റ് ഹയർസെക്കൻഡറി സ്കൂളിലെ, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പ്രസിദ്ധീകരിക്കുന്ന 'കളർ പെൻസിൽ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. വിദ്യാർത്ഥികളുടെ രചനകളും, കലാസൃഷ്ടികളും, സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് കൊണ്ടുള്ള ഈ പുതുസംരംഭം പുതുതലമുറയ്ക്ക് മാതൃകയാകട്ടെ...

പോത്തുകല്ല്
18/1/2019

റെജി ഫിലിപ്പ്.കെ
ഹെഡ്മാസ്റ്റർ



# ആശംസകളോടെ....

കുട്ടികളുടെ സർഗാത്മകതയും വിവരസാങ്കേതികവിദ്യയും ഒത്തുചേർന്ന്, കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂളിലെ ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ രക്ഷിതാക്കളുടേയും പേരിൽ ഒരായിരം ആശംസകൾ അർപ്പിക്കുന്നു .

എന്ന്
ഉബൈദുള്ള. കെ. എ
പി. ടി. എ പ്രസിഡന്റ്

# സ്മരണാജ്ഞലി . . .

. . . .



ഹിഷാം നെസ്റീ മുഹമ്മദ്
X.B



ഷാദിൽ.കെ
IX.I

# എഡിറ്റോറിയൽ

ഈ യാത്ര തുടർന്നു കൊണ്ടേയിരിക്കും .......

ആത്മവിശ്വാസത്തിന്റെയും,സ്വയം പര്യാപ്തതയുടെയും,നെറുകെ തൊട്ടുകൊണ്ട്.......,നമ്മൾ ഒരുമിച്ച് ഒരു യാത്ര.......

എല്ലാ കാൽപ്പാടുകളും,ചരിത്രത്തിൻെറ ഏടുകൾ ആവാറില്ല.എല്ലാ ചരിത്രത്തിലും ഒരു നടത്തത്തിന് കാല്പാടുകൾ ഉണ്ടാവാറുണ്ട്. ഇവിടെ ഞങ്ങളും,ചരിത്രത്തിലേക്ക് കാലെടുത്ത് വെയ്ക്കുകയാണ്.... ഒരു ശ്രമം......,ഒരു എളിയശ്രമം മാത്രം....

കലാലയ മുറ്റത്തേക്ക്, എന്നും കാലം എത്തി നോക്കാറുണ്ട്. വൈവിധ്യങ്ങളായ അടയാളപ്പെടുത്തലുകൾക്ക്,കാലം എന്നും സാക്ഷിയുമാണ്. അക്ഷരങ്ങൾക്ക് പ്രാണൻ നൽകാൻ ഇന്നിൻെറ പേനകൾക്ക്,കഴിവുണ്ടെന്ന് മനസ്സിലാക്കുന്നിടത്ത്, ഞങ്ങൾ തുടങ്ങുകയാണ്.....

എഴുത്ത് നിലച്ചുവെന്ന് പറയുന്നവരോട് എളിമയോടെ, ഏതൊരു കുതിപ്പിൻെറ മുന്നിലും ഒരു ശാന്തത ഉണ്ടാവാറുണ്ട്. ഞങ്ങൾ പുതുതലമുറയ്ക്ക്,എഴുത്ത് നഷ്ടപ്പെട്ടിട്ടില്ലെന്ന ഓർമ്മപ്പെടുത്തലും,ഈ അക്ഷരങ്ങളാണ്.........

ഞങ്ങൾ സമർപ്പിക്കുന്നു.....

# താളുകളിലൂടെ. . . .


1.സ്കൂൾ ചരിത്ര വഴികൾ

2.തേക്കിൻെറ നാട്ടിലൂടെ - ഹിബ ഹംസ

3.കവിത - ജിഷ്മ രാജ്

4.മഞ്ഞിൽ വിരിഞ്ഞ ഊട്ടി - ഫിബിൻ . പി

5.Only In My Dreams - Deva Priya

6.സോഷ്യൽ മീഡിയയുടെ ശക്തിയും ദൗർബല്യവും - പ്രിറ്റി . പി . സ്കറിയ

7.അഭയാർത്ഥികളെ കാണാൻ - റിൻഷിദ

8.Natural Science Day - Angel .E .Chacko

9.സ്വപ്ന ലോകത്തേക്കൊരു യാത്ര -

10.Arabic Quotes - Nuha Fathim. K& Huda Abdul Jaleel

11.Gift Of World - Sharon Elsa Varghese

12.Best Friends Forever - Angel. E .Chacko

13.The Giving Tree - Nasreen

14.Love Your Family - Josna

15.നശിപ്പിക്കുകയാണ് നാം പ്രകൃതിയെ - ഷിംന . സി . പി

16.യാത്രയയപ്പ് - ജസ്റാന ബത്തൂൽ

17.അലസത - അർച്ചന പി. വി

18.Father Poem - Afrin.T.H

19.ബേസ്ബോളും ഒരു രാജസ്ഥാൻ യാത്രയും - ഹർഷ സത്യൻ

അതുല്യ കെ. എ

| | | |
|---|---|---|
| 20.समय का महत्व | - | Durga.P |
| 21.Little Kites In School | - | Kite Team |
| 22.ഹരിത സ്വർഗം തേടി | - | മുഫീദ |
| 23.Back Benchers | - | Shahanas Sherin |
| 24.എന്റെ ബാല്യം | - | അനഘ .പി |
| 25.ക്ഷമാപണം | - | മരിയറ്റ് സെബാസ്റ്റ്യൻ |
| 26.For A Friend | - | Anuja Varghese |
| 27.മഴയായ് നിൻ ഓർമ്മകൾ | - | ഷഹനാസ് ഷിറിൻ |
| 28.Quotes Of Malala | - | Anugraha Thomas, Arppitha Thomas& Avani . P |
| 29.മിന്നുന്നതെല്ലാം പൊന്നല്ല | - | ഹിബ ഹംസ |
| 30.പ്രാർഥന | - | ഹർഷ ബിനീഷ് |
| 31.തിരിച്ചറിവ് | - | ഷഹനാസ് ഷിറിൻ |
| 32.Tongue Twister | - | Huda Abdul Jaleel& Nuha Fathim . K |
| 33.ആദ്യ വിദ്യാലയം | - | ജിൽസൺ.കെ.ജോൺ |
| 34.Quotes | - | Shibila Sherin |
| 35.World Days To Remember | - | Angel . E . Chacko, Lipsa Varghese |
| 36.Mom | - | Asin Mary |
| 37.Discipline | - | Deva Priya |
| 38.സ്നേഹ സ്മാരകം കാണാൻ | - | ഐശ്വര്യ എം. |



# സ്കൂൾ-ചരിത്ര വഴികൾ

കൊല്ലം ജില്ലയിൽ പത്തനാപുരത്ത് യുഗപ്രഭാവനായ അഭിവന്ദ്യ തോമ്മാ മാർ ദിവന്നാസ്യോസ് തിരു മനസ്സിനാൽ സ്ഥാപിതമായ മൗണ്ട് താബോർ ദയറായുടെ കീഴിൽ കേരള സംസ്ഥാനത്തിൻറെ വിവിധഭാഗങ്ങളിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജാതി-മത-വർഗ്ഗ-ദേശ ഭേദമന്യേ പ്രശോഭിച്ചു നിൽക്കുന്നു. ക്രാന്ത ദർശിത്വത്തോടെ അഭിവന്ദ്യ തിരുമനസ്സ് കൊളുത്തിയ ദീപനാളങ്ങൾ ഇതര മേഖലകളെ പോലെ വിദ്യാഭ്യാസ മേഖലയേയും ശോഭിതമാക്കുന്നു.

മണ്ണിനോട് മല്ലടിക്കുന്ന ഒരു ജനതയുടെ സ്വപ്നസാക്ഷാത്കാരമായി പത്തനാപുരം ദയറാ സന്യാസ സമൂഹത്തിൻറെ മേൽനോട്ടത്തിൽ 1982 ൽ കാതോലിക്കേറ്റ് ഹൈസ്കൂൾ സ്ഥാപിതമായി. 1982 ൽ ഈ സ്കൂൾ ആരംഭിക്കുന്നത് പോത്തുകല്ലിൽ ഉള്ള മണ്ണാര്യേത്ത് ശ്രീ വർഗീസ് പോത്തൻറെ വീട്ടിൽ ആയിരുന്നു. 184 വിദ്യാർത്ഥികളും 8 അധ്യാപകരുമായി ഓല ഷെഡ്ഡിൽ ആരംഭിച്ച ഈ സ്കൂളിന് സ്വന്തമായി സ്ഥലം നൽകി സഹായിച്ചത് ഈട്ടിക്കൽ തോമസ് മാത്യു അവറുകളാണ്. ഒരു ദേശത്തിന് മുഴുവൻ വികസന സ്വപ്നങ്ങളും പേറി 2000 ത്തിൽ ഹയർസെക്കൻഡറി വിദ്യാലയമായി ഉയർത്തപ്പെട്ടു. അറിവിൻറെ വാതായനങ്ങൾ തുറന്നിട്ട് നീണ്ട 35 വർഷങ്ങൾ പിന്നിട്ട് അതിൻറെ വിജയഗാഥ തുടരുന്നു.



പുണ്യശ്ലോകനായ താബോർ ദയറാ സുപ്പീരിയറും, മലബാർ ഭദ്രാസനാധിപനും, മലങ്കര ഓർത്തഡോക്സ് സഭയുടെ വലിയ കാത്തോലിക്ക ബാവയുമായിരുന്ന വിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദ്വിദിമോസ് പ്രഥമൻ തിരുമനസ്സുകൊണ്ട് അന്ന് സ്ഥലം എം.എൽ.എ ആയിരുന്ന ബഹു. ആര്യാടൻ മുഹമ്മദിൻറെ സഹായത്തോടെ ഈ കലാലയത്തിൻറെ അംഗീകാരം നേടി തന്നു. ദയറാ അംഗമായിരുന്ന ഭാഗ്യസ്മരണാർഹനായ വന്ദ്യ യോഹന്നാൻ

റമ്പാച്ചൻ ത്യാഗനിർഭരമായ പ്രവർത്തങ്ങളി ലൂടെ 14 വർഷത്തോളം സ്കൂൾ മാനേജർ ആയി സേവനമനുഷ്ഠിച്ചു. പിന്നീട് ദയറ അംഗമായ റവ. ഫാ. കെ. എ എബ്രഹാം 17 വർഷത്തോളം മാനേജർ സ്ഥാനത്ത് സ്തുത്യർഹമായി പ്രവർത്തിച്ചു. തുടർന്ന് മാനേജറായി പ്രവർത്തിച്ച ദയറാ അംഗം വെരി. റവ. സി. ഒ. ജോസഫ് റമ്പാൻ ഇപ്പോൾ ദയറാ സ്ഥാപനങ്ങളുടെ ട്രഷറാർ ചുമതല വഹിക്കുന്നു. ഇപ്പോൾ കോർപ്പറേറ്റ് സ്കൂൾ മാനേജറായി വെരി. റവ. യൗനാൻ സാമുവൽ റമ്പാൻ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു. ദയറാ അംഗം വെരി. റവ. ഹാബീബ് ജോസഫ് റമ്പാൻ ലോക്കൽ മാനേജർ, അദ്ധ്യാപകൻ എന്നീ നിലയിൽ ചെയ്ത ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിന്റെ വളർച്ചക്ക് ആക്കംകൂട്ടി. ഇപ്പോൾ ശ്രീ റെജി ഫിലിപ്പ് കെ. ഹൈസ്കൂൾ വിഭാഗം ഹെഡ്മാസ്റ്ററായും ദയറാ അംഗവും സ്കൂൾ പ്രിൻസിപ്പലുമായ റവ. ഫാ. യോഹന്നാൻ തോമസ് ദീർഘവീക്ഷണത്തോടെ സ്കൂളിൻറെ അടിസ്ഥാനവികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ലോക്കൽ മാനേജർ എന്ന നിലയിലും പ്രവർത്തിക്കുന്നു.



ഹൈസ്കൂൾവിഭാഗത്തിൽ 1400 ഓളം വിദ്യാർത്ഥികളും ഹയർസെക്കൻഡറി വിഭാഗത്തിൽ 560 ഓളം വിദ്യാർത്ഥികളും പഠനം നടത്തുന്നു.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവിൻറെ കേന്ദ്രം കൂടിയാണ് ഈ കലാലയം. 100% വിജയവുമായി ഹൈസ്കൂൾ

വിഭാഗം ഇംഗ്ലീഷ് മീഡിയവും ഹയർസെക്കൻഡറി വിഭാഗത്തിൽ സയൻസ് , ഹ്യൂമാനിറ്റീസ്, കോമേഴ്സ്, കമ്പ്യൂട്ടർ കൊമേഴ്സ് എന്നീ ഗ്രൂപ്പുകളും ഭംഗിയായി പ്രവർത്തിച്ചുവരുന്നു. ഹയർസെക്കൻഡറി വിഭാഗത്തിന് 2016-ൽ ഉദ്ഘാടനം നിർവഹിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില കെട്ടിടവും സയൻസ് ലാബും ദയറയ്ക്കും നാടിനും അഭിമാനിക്കത്തക്കതാണ്.



വിദ്യാർത്ഥികളുടെ പഠനമികവ് വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം എന്നിവ സജ്ജമാണ്. വിദ്യാർത്ഥികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് മൂന്ന് സ്കൂൾ ബസുകൾ മറ്റ് സർവീസ് നടത്തുന്നു. സ്കൂളിൻറെ ആരംഭകാലം മുതൽ സേവനം ചെയ്തു, പ്രത്യേകിച്ച് ദയറ അംഗമായിരുന്ന് 14 വർഷം സ്കൂളിലെ പ്രഥമ ഹെഡ്മാസ്റ്റർ ആയിരുന്ന കർത്തൃ മണവറയിൽ പ്രവേശിക്കപ്പെട്ട വന്ദ്യ സ്റ്റീഫൻ തോമസ് റമ്പാച്ചൻറെയും പിൻഗാമികളായ പ്രിൻസിപ്പാൾ മാരുടെയും ,ഹെഡ്മാസ്റ്റർ മാരുടെയും, അധ്യാപകരുടെയും ,ഓഫീസ് ജീവനക്കാരുടെയും, സർവീസിൽനിന്ന് വിരമിച്ചവരുടെയും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ സ്കൂളിൻറെ യശസ്സ് ഉയർത്തുന്നതിൽ കാതലായ

പങ്കുവഹിച്ചു.

പുണ്യശ്ലോകനായ നി. വ. ദി. ശ്രീ. തോമ്മാ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ പ്രാർത്ഥനയാലും പത്തനാപുരം ദയറായിലെ സന്യാസ ശ്രേഷ്ഠരുടെ നിർദേശങ്ങളാലും പ്രാർത്ഥനകളാലും ഈ വിദ്യാലയം വിജ്ഞാനത്തിൻറെ കെടാ ദീപം തലമുറകൾക്ക് കൈമാറി ദേശ-സാമൂഹ്യ -വ്യക്തി തലങ്ങളിൽ വികസനത്തിന് ആക്കം കൂട്ടാൻ ഉതകുംവിധം ഒരു ദേശത്തിൻറെയും, ഒരു ജനതയുടെയും, പത്തനാപുരം മൗണ്ട് താബോർ ദയറാ യുടെയും അഭിമാനമായി തേജസോടെ പ്രശോഭിക്കുന്നു.

# തേക്കിൻെറ നാട്ടിലൂടെ....



ചാലിയാറും തേക്കും മുളകളും  നിബിഢ വനങ്ങളും കൊണ്ടു പച്ചപുതച്ച കാനനഭംഗി വിളിച്ചോതുന്ന നീലിംപ-പുരം . അഥവാ നിലമ്പൂർ. കേരളവും തമിഴ്നാടും   അതിരു പങ്കിടുന്ന നീലഗിരി കുന്നുകളോടു ചേർന്നാണ് നിലമ്പൂർ സ്ഥിതിചെയ്യുന്നത്. സ്വന്തം നാടായിട്ടു പോലും നിലമ്പൂരിൻെറ സിരകളിലൂടെ ഒരു യാത്ര, ഇതാദ്യം. എല്ലാ അവധി ദിവസത്തെയും പോലെ അലസമായ തീരേണ്ടിയിരുന്ന ഒരുദിനം ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങൾ സമ്മാനിച്ച ഒരു  ദിനമായത് അപ്രതീക്ഷിതമായിട്ടായിരുന്നു.ഞാനും ഉമ്മയും ഉപ്പയും സഹോദരിമാരും അടങ്ങുന്നതായിരുന്ന ഞങ്ങളുടെ കൊച്ചു യാത്രാ സംഘം. കാറിലാണ് പുറപ്പെട്ടത്.ഉമ്മയുടെ വീട്ടിൽനിന്ന് ഞങ്ങളുടെ വീട്ടിലേക്ക് മടങ്ങുമ്പോഴായിരുന്നു  ഈ യാത്ര. പ്രകൃതിയുടെ  പറുദീസയിലൂടെയുള്ള ഞങ്ങളുടെ പ്രയാണം അങ്ങനെ ആരംഭിക്കുകയായി. റെയിൽവേസ്റ്റേഷന് സമീപമുള്ള ഉമ്മയുടെ വീട്ടിൽ നിന്ന് ഏകദേശം അഞ്ച് കിലോമീറ്റർ സഞ്ചരിച്ച് ഞങ്ങളുടെ ആദ്യ   ലക്ഷ്യമായ കനോലി പ്ലോട്ടിലെത്തി.

ലോകത്തിലെ ആദ്യ   മനുഷ്യ നിർമിത തേക്കിൻ തോട്ടം ഞങ്ങളിൽ തെല്ലൊന്നുമല്ല അത്ഭുതം നിറച്ചത്.  ചാലിയാറിനു

കുറുകെയുള്ള ഒരു വലിയ തൂക്കുപാലം കടന്നുവേണം കനോലി പ്ലോട്ടിൽ പ്രവേശിക്കാൻ. ചാലിയാറിൻെറ സൗന്ദര്യം ആസ്വദിച്ചുകൊണ്ടുള്ള തൂക്കുപാലത്തിന് മുകളിലൂടെയുള്ള യാത്ര ഉള്ളിൽ അല്പം ഭയവും സമ്മാനിച്ചു. 5.680 ഏക്കർ വിസ്തൃതിയിൽ സംരക്ഷിക്കപ്പെടുന്ന കനോലി പ്ലോട്ട് ഞങ്ങളെ സ്നേഹത്തോടെ വരവേറ്റു.



1846-ൽ മലബാർ കളക്ടറായിരുന്ന എച്ച്. വി. കനോലിയുടെ നിർദ്ദേശപ്രകാരം മലയാളിയായ ശ്രീ ചാത്തുമേനോൻ 15000 ഏക്കർ വിസ്തൃതിയിൽ തേക്കിൻതൈകൾ വെച്ചുപിടിപ്പിച്ചു. അഞ്ചര ഏക്കർ വിസ്തൃതിയിൽ സംരക്ഷിക്കപ്പെടുന്ന കനോലി പ്ലോട്ടിലാണ് ഏഷ്യയിലെ ഏറ്റവും നീളംകൂടിയ പടുകൂറ്റൻ തേക്ക് സ്ഥിതിചെയ്യുന്നത്. ലോകപൈതൃക പട്ടികയിലും കനോലി പ്ലോട്ട് ഇടംനേടിയിട്ടുണ്ട്. 2009 ലാണ് കനോലി പ്ലോട്ട് സന്ദർശകർക്കായി തുറന്നു നൽകിയത്. പലതരത്തിലുള്ള തേക്കുകൾ കനോലി പ്ലോട്ടിലുണ്ട്. ലോകത്തിലെ ഏറ്റവും വണ്ണമുള്ള തേക്കുകളിൽ മൂന്നാം സ്ഥാനത്താണ് ഇവിടെയുള്ള 23ാം നമ്പർ തേക്ക്. 423 - സെൻറീമീറ്റർ ചുറ്റളവിലുള്ള ആ ഭീമൻ തേക്കിനെ വാരിപ്പുണരാൻ ഒരു വിഫലശ്രമം ഞാൻ നടത്തി. ബ്രിട്ടീഷുകാരേയും മണ്ണിൻെറ മക്കളെയും സ്മരിച്ചുകൊണ്ട് കനോലി പ്ലോട്ടിൽ നിന്നും ഞങ്ങളിറങ്ങി. തേക്ക് മ്യൂസിയം ലക്ഷ്യമാക്കി ഞങ്ങൾ യാത്ര തുടർന്നു.



1995-ൽ കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു കീഴിലാണ് തേക്ക് മ്യൂസിയം സ്ഥാപിതമായത്. ഒരു മരത്തിനു വേണ്ടി മാത്രം ഒരു മ്യൂസിയം എന്ന അപൂർവ ബഹുമതി നിലമ്പൂരിലെ തേക്ക് മ്യൂസിയത്തിൽ മാത്രം ഉള്ളതാണ്. ലോകത്തിലെ ആദ്യ തേക്ക് മ്യൂസിയവും നിലമ്പൂരിലേതാണ്. തേക്കുകളുമായി ബന്ധപ്പെട്ട ചരിത്രം, തേക്കുകളുടെ ആവാസവ്യവസ്ഥ,

തേക്കിൻെറ ഉപയോഗങ്ങൾ , തേക്കിനെ കുറിച്ചുള്ള പഠനങ്ങൾ തുടങ്ങി അനേകം വിഷയങ്ങളിലുള്ള ചാർട്ടുകളും ചിത്രങ്ങളും , തേക്ക് കൊണ്ടുള്ള ശില്പങ്ങളും മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. 450 ലേറെ വർഷം ജീവിച്ച തേക്കിൻെറ ചുവടുഭാഗം എന്നെ തെല്ലൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. തേക്ക് കൊണ്ട് നിർമ്മിച്ചതും, പഴയകാലത്ത് സർവ്വസാധാരണമായി ഉപയോഗിച്ചിരുന്നതുമായ ഒരുപാട് വസ്തുക്കൾ അവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. കൗതുകമുണർത്തുന്നതായിരുന്നു അവയിൽ പലതും. പത്തായം, പഴയകാലത്ത് ധാന്യങ്ങൾ സൂക്ഷിച്ചിരുന്ന ചെറിയ പെട്ടികൾ, മരം കൊണ്ട് തീർത്ത ഊഞ്ഞാൽ, പങ്കായം, മെതിയടി,...... തടിയഴകം ഉൾക്കാമ്പും കൊണ്ട് കീർത്തികേട്ട, വിശ്വവിഖ്യാത തേക്കിൽ വിരിഞ്ഞ ഗതകാല സ്മരണയുണർത്തുന്ന ഗൃഹോപകരണങ്ങൾ കൗതുകമൂറുന്ന മിഴികളോടെ ഞങ്ങൾ വീക്ഷിച്ചു.

ഇത്രയൊക്കെ ആയപ്പോഴേക്കും വയറ് പരാതി പറയാൻ തുടങ്ങിയിരുന്നു. ഉച്ചഭക്ഷണം കഴിക്കാനായി ഞങ്ങൾ ഇറങ്ങി. എത്ര കണ്ടാലും മതിവരാത്ത പ്രകൃതി ദൃശ്യങ്ങൾക്ക് താൽക്കാലികമായി അവിടെ വിരാമമിട്ടു. പുഴകളിരും കാട്ടു പച്ചയും നിറഞ്ഞ തേക്കിൻെറയും മുളകളുടെയും നാടായ നിലിംപപുരത്തിൻെറ ഗതകാല സ്മരണയിലൂടെയുള്ള ഞങ്ങളുടെ യാത്ര അവിടെ അവസാനിച്ചു. കഴിക്കാൻ എന്തു വാങ്ങിക്കണം എന്ന് തീരുമാനിക്കാൻ ഒരു പോളിറ്റ് ബ്യൂറോ ചർച്ചയിലായിരുന്നു സഹോദരിമാർ. എൻറെ മനസ്സിൽ അപ്പോഴും ചാലിയാറും തേക്കും മുളകളും മണ്ണിൻെറ മണവും മാത്രം.

ഹിബ ഹംസ
IX-G

# കവിത

പുലരിപ്പൂവിന്നരുണിമ ചാലി-

ച്ചെഴുതിയതാണെൻ കവിത

കരളിൻകോണിൽ കരുതിയ

നീലിമപീലി വിടർത്തിയ കവിത

മധുരിമയോലും മോഹ ചിറകിൽ

മലരുകൾ പുൽകിയ കവിത

മാനത്തോളം ഉയരണമെന്നതു-

മോഹിച്ചെഴുതിയ കവിത

മാനസവാടിയിൽ വിടരും പൂവുകൾ

വർണ്ണം ചാർത്തിയ കവിത

മണ്ണിനുമായാസൃഷ്ടിയതേകിയ

ജീവിതമെന്നൊരു കവിത





# മഞ്ഞിൽവിരിഞ്ഞ ഊട്ടി



ഒരു അവധി ദിവസം പെട്ടെന്നുണ്ടായ ഒരു യാത്രയാണ്. ഊട്ടി എന്ന മനോഹരമായ ലോകത്തേക്ക് ഞങ്ങൾ യാത്ര തിരിച്ചു. എന്നിൽ ചെറിയ ഭയമുണ്ടായിരുന്നു, കാരണം ഓരോ ഹെയർപിൻ വളവിലും വളരെ വേഗത യോടെയാണ് വണ്ടി സഞ്ചരിച്ചത്. ഹെയർപിൻ വളവുകൾ കയറിച്ചെല്ലുമ്പോൾ യൂക്കാലിപ്സ് മരങ്ങളും തേയിലത്തോട്ടങ്ങളും മഞ്ഞിൽ ഒരു സ്വപ്നത്തെ പോലെ പാതി മറഞ്ഞു നിൽക്കുന്നു. താഴ്‌വാരങ്ങൾ, അവിടെ കളിപ്പാട്ടങ്ങൾ പോലെ നിരന്ന വീടുകൾ, യൂക്കാലി തൈലത്തിൻെറ സുഗന്ധമുള്ള കാറ്റ് എല്ലാം എന്നെ ആ ലോകത്തോട് കൂടുതൽ അടുപ്പിച്ചു.

അതി സുന്ദരവും സമാധാനപരവുമായ സ്ഥലത്തേക്കാണ് ഞങ്ങൾ പിന്നെ യാത്ര തിരിച്ചത്. ഒരു തടാകം, അതിലൂടെയുള്ള ബോട്ട് യാത്ര വളരെ ഉന്മേഷം നൽകുന്നതാണ്. രാവിലെയുള്ള മഞ്ഞിൻ പാളികൾ തള്ളിമാറ്റിക്കൊണ്ട് ആ തടാകത്തിലൂടെ ബോട്ടിൽ യാത്ര ചെയ്യാൻ കഴിയുന്നത് വലിയൊരു ഭാഗ്യമാണ്. തടാകത്തിലെ അന്തരീക്ഷത്തിൽ നിന്നും മടിയോടെ ഞങ്ങൾ പൈക്കര ഡാമിന് അരികിലേക്ക് നീങ്ങി. പൈക്കരയിലേക്കുള്ള വഴിയിലാണ് ഊട്ടിയിലെ പ്രശസ്തമായ പൈൻ ഫോറസ്റ്റ്. പൈൻ ഫോറസ്റ്റിൻറെ ചുവട്ടിലായി ഒരു പ്രശാന്തമായ തടാകമുണ്ട്. അവിടെ ഷൂട്ടിംഗ് നടക്കാറുണ്ട്. സിക്സ്ത് മൈലിലെ പുൽമേടുകളും സിനിമകളിൽ ചിലഭാഗങ്ങളിൽ മനോഹരമായി തന്നെയുണ്ട്. ഊട്ടിയിലെ ഫ്ലവർഷോ എന്ന് കേട്ടിരുന്നുവെങ്കിലും അത് നേരിട്ട് കണ്ടത് ഇപ്പോഴാണ്. അവിടെ പൂക്കൾ കൊണ്ടുണ്ടാക്കിയ ഓരോ കലാസൃഷ്ടികളും എത്ര ഭംഗിയായായാണ് രൂപകൽപന ചെയ്തിട്ടുള്ളത് . പിന്നെ ഞങ്ങൾ യാത്രതിരിച്ചത് ബൊട്ടാണിക്കൽ പൂന്തോട്ടത്തിലേക്കാണ്. അവിടെ പൂക്കളുടേയും, സസ്യങ്ങളുടെയും, മരങ്ങളുടെയും ഓരോ

വൈവിധ്യങ്ങളാണുള്ളത്. അവയുടെ ബോട്ടാണിക്കൽ നാമങ്ങൾ അഥവാ ശാസ്ത്രനാമങ്ങൾ പറഞ്ഞുതരാൻ അവർ മറന്നില്ല. ഊട്ടി തേയ്ലത്തോട്ടങ്ങളുടെ നാടാണ്. ചായ കുടിക്കുന്നതിനൊപ്പം ചായ ഉണ്ടാക്കുന്നത് എങ്ങനെയാണെന്നും കാണാൻ സൗകര്യമുള്ള ഒരു ടീ ഫാക്ടറി ആയിരുന്നു ഞങ്ങളുടെ മറ്റൊരിടം.

ടീ ഫാക്ടറിയിൽ തേയില ശേഖരിക്കുന്നത് മുതൽ അരച്ച് ഉണക്കി പൊടിച്ച് തേയിലപ്പൊടി ആയി മാറുന്ന വിവിധ ഘട്ടങ്ങൾ



കാണാൻ പറ്റും വിധം ക്രമീകരിക്കുകയാണ്. തേയിലപ്പൊടി കണ്ട കൗതുകത്തോടെ പടിയിറങ്ങി വരുന്നവർക്ക് ഒരു സാമ്പിൾ ചായുമായി ജീവനക്കാർ നിൽക്കുന്നു. ചായ കുടിച്ചിട്ട് ഫാക്ടറി കണ്ടുപോകുന്ന ആരും ഒരു പാക്കറ്റ് തേയില പൊടിയെങ്കിലും വാങ്ങും. ഊട്ടിയിലെ ഉയരംകൂടിയ വ്യൂ പോയിൻറ് ആയ ഡോഡാബേറ്റ വ്യൂ പോയിൻറ് ലേക്കാണ് ഞങ്ങൾ പിന്നെ സഞ്ചരിച്ചത്. അവിടം അതിമനോഹരമാണ്. ആ വ്യൂ പോയിൻറ്റിൽ നിന്നും നോക്കിയാൽ ഇടതുവശത്ത് കാണുന്നത് മേട്ടുപാളയവും, ഭവാനി പുഴയുമാണ്. വലതുവശത്ത് മൈസൂർ,ഗുണ്ടൽപേട്ട്, എന്നിങ്ങനെ. ഇത് ഞങ്ങളോട് പറഞ്ഞത് അവിടുത്തെ ഗാർഡനാണ്. ഇനിയും ഒരുപാട് കാണാനുണ്ട്. പക്ഷേ അതിനു സമയമില്ല. നേരമിരുട്ടി ഞങ്ങൾ തിരികെ യാത്ര തിരിച്ചു. ഇനിയും വരുമെന്ന പ്രതീക്ഷയിൽ യൂക്കാലിപ്സ് ഞങ്ങളെ യാത്രയയച്ചു.

ഫിബിൻ.കെ.
**IX.G**

# Only in my Dreams




Slowly,the glittering morning light
Arose to portray a new day
My eyes just twinkled , how bright
How dazzling is my nature
I would say..

Again How, How can I watch my
Little sparrows twitter around fast
Never can I , but only see them cry
Every thing has changed cot
Nature – As an image only
Beautiful in my dreams

# സോഷ്യൽ മീഡിയയുടെ ശക്തിയും ദൗർബല്യവും

ഈ നവയുഗത്തിൽ ഇന്റർനെറ്റിനു കീഴിൽ ലോകം മൊത്തത്തിൽ ഒരു ഗ്രാമമായി ചുരുങ്ങിയിരിക്കുന്നു" സൈബർ ഗ്രാമം" അതിൽ മനുഷ്യർ തമ്മിലുള്ള അകലം കുറഞ്ഞിരിക്കുന്നു ആശയ വിനിമയത്തിലും സഞ്ചാര സൗകര്യത്തിലും ആണെന്ന് മാത്രം. കമ്പ്യൂട്ടറിന്റെയും ഇൻറർനെറ്റിന്റെയും വരവ് വിസ്മയകരമായ കുതിപ്പാണ് വിവരസാങ്കേതിക രംഗത്തും വ്യവസായരംഗത്തും ഉണ്ടാക്കിയത്. ഇൻറർനെറ്റ് എന്ന മായാജാലം നമുക്ക് മുന്നിൽ പുത്തൻ ലോകമാണ് ഓരോ ദിവസവും തുറന്ന് കാട്ടുന്നത്. സോഷ്യൽ മീഡിയ, വാർത്ത റിപ്പോർട്ട്, വിവിധ വെബ്സൈറ്റുകൾ, വീഡിയോ ഗെയിം, ഈമെയിൽ അങ്ങനെ വലിയ ലോകം വിജ്ഞാനത്തിന്റെയും, വിനോദത്തിന്റെയും, വിനിമയത്തിന്റെയും നമുക്ക് മുന്നിൽ തുറന്നിടുന്നു.




ഇത്തരം നെറ്റ്‌വർക്ക് സൈറ്റുകളിലൂടെ നമ്മുടെ സൗഹൃദങ്ങൾ വിപുലമാക്കാനും പങ്കുവെക്കാനും സഹായിക്കുന്നു. ലോകത്തിന്റെ മുക്കിലും, മൂലയിലും വളരെ എളുപ്പത്തിലും ചിലവ് കുറഞ്ഞ രീതിയിലും ബന്ധം സ്ഥാപിക്കുവാനും ആശയവിനിമയം നടത്താനും ഇതിലൂടെ സാധിക്കുന്നു. ഇങ്ങനെ സോഷ്യൽ സൈറ്റുകളിലൂടെ പ്രശസ്തിയും പ്രസിദ്ധിയും ആർജ്ജിച്ചവർ ഒരുപാടുണ്ട്. സോഷ്യൽ നെറ്റ്‌വർക്കിലൂടെ പരസ്യത്തിലൂടെയും ഓൺലൈൻ വ്യാപാര ത്തിലൂടെയും പണം സമ്പാദിച്ചവർ നിരവധി. ജോബ് സൈറ്റുകളിലൂടെ ജോലി നേടിയവരും ഒരുപാടുപേരുണ്ട്. സോഷ്യൽ നെറ്റ്‌വർക്ക് വർക്കിംഗ് ദൂഷ്യങ്ങളും ദൗർബല്യങ്ങളും അതിന്റെ നേട്ടത്തിനേക്കാൾ ഒരു പടി മുന്നിലാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മറ്റാരുടെയും ശ്രദ്ധയിൽപ്പെടാതെ പ്രയോജനപ്പെടുത്താൻ കഴിയുന്ന സംവിധാനം കൂടിയാണ് ഇന്റർനെറ്റ്. അങ്ങനെ സോഷ്യൽ മീഡിയയിലൂടെ ആർക്കും ആരെയും അപകീർത്തിപ്പെടുത്താനും ചൂഷണം ചെയ്യാനും തട്ടിപ്പിൽ

പെട്ടുത്താനും പറ്റിയ അവസ്ഥ.
തട്ടിപ്പുകാരും തീവ്രവാദികളും, ക്രിമിനലുകളും അവരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കുള്ള മാർഗമായി സോഷ്യൽ മീഡിയയേയും മാറ്റി. യുവാക്കളിലും കുട്ടികളിലും ഇതൊരു ഹരമായി മാറുന്നു. മടിയൻമാരുടെ ഒരു സമൂഹം സൃഷ്ടിക്കപ്പെടുന്നു. അശ്ലീലങ്ങളും എല്ലാവരിലും എത്തുന്നു. ഗോസിപ്പുകളും വ്യാജവാർത്തകളും പ്രചരിപ്പിക്കുന്നു.
എല്ലാ മത, രാഷ്ട്രീയ, സംസ്കാരിക, സാമൂഹിക സംഘടനകളും സോഷ്യൽ സൈറ്റുകളിൽ ഇന്ന് സജീവമാണ്. പരസ്പരം കരിവാരി തേക്കുന്നതിന് അവർക്കൊരു പുത്തൻ മാധ്യമം എന്ന നിലയിലാണ് പലപ്പോഴും കണക്കാക്കുന്നത് . ഒരു നുണ ഒരുപാട് ലൈക്കുകളും കമന്റുകൾ ഇലൂടെയും വെളിച്ചത്തിൽ സത്യമായി മാറുന്നു. പലതും അതിൽ നിന്നു വരും. പലരും അത് സത്യമായി തന്നെ അംഗീകരിക്കുന്നു. ശരിയായ അപഗ്രഥനത്തിലൂടെ നെല്ലും പതിരും തിരിച്ചറിഞ്ഞ നന്മയ്ക്ക് ഉയർച്ചയ്ക്കും വേണ്ടിയുള്ള ആരോഗ്യപരമായ ഒരു സമീപനമാണ് നാം സോഷ്യൽ മീഡിയയോട് കാണിക്കേണ്ടത്. അങ്ങനെ നമുക്ക് അച്ചടി മാധ്യമത്തിന് കിട്ടിയ, സ്വകാര്യതയും വിശ്വസ്തതയും സോഷ്യൽ മാധ്യമത്തിനും ലഭിക്കുമെന്ന് പ്രതീക്ഷിക്കാം.

പ്രിറ്റി. പി. സ്ക്കറിയ
**VIII H**




# അഭയാർഥികളെകാണാൻ

2018-ആഗസ്റ്റ്മാസത്തിൽ

കേരളത്തിലുണ്ടയ മഹാപ്രളയം എന്റെ നാടിനെയും പിടികൂടി  ചെട്ടിയാൻ പാറ എന്ന സ്ഥലത്ത് ഉരുൾ പൊട്ടൽ ഉണ്ടായി.  ഒരു വീട്ടിലെ രണ്ടുപേർ ഒഴികെ ബാക്കി അഞ്ചുപേരും മണ്ണിനടിയിൽ പെട്ടു മരിച്ചു. ബാക്കിയുള്ള എല്ലാവരെയും  എരുമമുണ്ട നിർമല ഹയർസെക്കൻഡറി സ്കൂളിലേക്ക് മാറ്റി താമസിപ്പിച്ചു. ഇത് നടന്ന പിറ്റേദിവസം ഞാനും എന്റെ സഹോദരമാരും സ്കൂളിലേക്ക് പോയി. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച ഞങ്ങളുടെ ഉള്ളിൽ നീറ്റലായി എന്നും ഉണ്ടാവും നവജാത ശിശുക്കളും ബാല, കരും കൗമാരപ്രായക്കാരും യുവാക്കളും യുവതികളും വൃദ്ധരും  ആയിരുന്നു. അവർ ഉടുതുണിക്ക് മറുതുണിയില്ലാതെ നിൽക്കുകയാണ്.ഞങ്ങൾ എത്തിയ ഉടൻ അവിടുത്തെ അധ്യാപകരും എത്തി.സ്കൂളിൽ അധ്യാപകരെ കണ്ടു ഓടിവരുന്ന കുട്ടികൾ പെട്ടെന്ന് അമ്മമാരുടെ പുറകിൽ ഓടി ഒളിക്കുന്ന അവസ്ഥ ഞാൻ നേരിട്ടുകണ്ടു.. ഇതിന് കാരണം എന്താണ് എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞു,രണ്ടുദിവസമായി വസ്ത്രം മാറ്റിയിട്ടില്ല. ഉടുതുണിക്ക് മറുതുണി ഇല്ലാതെ ഞങ്ങൾ ബുദ്ധിമുട്ടുകയാണ് . വിയർപ്പ് നാറും അതുകൊണ്ടാണ് കണ്ടപ്പോൾ മാറിനിന്നത്,വേറെ ഒന്നും കരുതരുത് ടീച്ചർമാരുടെ കണ്ണ് നിറഞ്ഞു ഒഴുകുവാൻ തുടങ്ങി. ഞാൻ എന്റെ അയൽവാസിയായ ചേട്ടനോട് കാര്യങ്ങൾ പറഞ്ഞു കൊടുത്തു.അപ്പോൾ അവരെല്ലാവരും ഓരോ വീട്ടിൽനിന്നും വസ്ത്രങ്ങൾ ശേഖരിക്കാൻ തുടങ്ങി .അവിടേക്ക് സംഭാവന നൽകി.വസ്ത്രങ്ങൾ കൊടുത്തു.'അണ്ണാറക്കണ്ണനും തന്നാലായത്'ഒത്തിരി സംതൃപ്തിയോടെ ഞങ്ങൾ മടങ്ങി.

# February28:- National Science Day




*February 28th is celebrated through out India as National Science day. This date was chosen because it was on 28th February 1928,Sir C.V Raman, the great Indian physicist who invented the 'Raman Effect'.*

*The Raman Effect relates to the way that light is scattered when it passes through different materials.Its significance was recognized quickly by other scientists, and Sir C.V. Raman earned the Nobel Prize for his work in 1930. Considering the significance of C.V. Raman's work, it is only fitting that we honour him on National Science Day,which was first observed in 1986.*

*Since then, it has been celebrated every year by studentsteachers, scientists and researchers.*

# _സ്വപ്നലോകത്തേക്കൊരു യാത്ര

തികച്ചും വർണ്ണാഭമായിരുന്നു എൻറെ യാത്ര...... എൻറെ കുടുംബത്തോടൊപ്പം മൈസൂരിലേക്ക് പോയ ഒരു വിവരണമാണിത്.ഞങ്ങൾ ഇവിടെ നിന്നും രാവിലെ ആറുമണിക്ക് പുറപ്പെട്ടു.കുന്നുകളും മലകളും നാടുകാണി ചുരത്തിന്റെ ഭംഗിയും തേയിലത്തോട്ടവും ആസ്വദിച്ച് ഞങ്ങൾ ഗൂഡല്ലൂർ എത്തി. ഇളംതെന്നൽ വീശുകയും മന്ദമാരുതൻ വന്നണയുകയും ചെയ്തു.കോരിച്ചൊരിയുന്ന മഴ തണുപ്പിനെ അകറ്റാൻ ഒരു ചൂട് ചായ കുടിച്ചു ഞങ്ങൾ നീങ്ങി. ഇരുഭാഗങ്ങളിലും വനങ്ങൾ നിറഞ്ഞ് അരുവികൾ ഒഴുകുന്നു. വന്യമൃഗങ്ങൾ റോഡിൽ വന്നണയുന്ന കാഴ്ചകൾ കാണാൻ നല്ല ഭംഗിയായിരുന്നു.കുറെ ഫോട്ടോകൾ എടുത്തു കർണാടക അതിർത്തി എത്തി.പിന്നെ ഗുഡൽപെട്ട എത്തിയപ്പോഴേക്കും കുറേ പാടശേഖരങ്ങളും വയലുകളും ഞങ്ങൾ താണ്ടി. കാർഷിക ഭംഗി കണ്ട് ആസ്വദിച്ചു. ഗോതമ്പ്, ബാർലി, ചോളം ഇവയെല്ലാം എന്നെ ഹഠാദാകർഷിച്ചു.



10:00 ആയപ്പോഴേക്കും മൈസൂരിലെത്തി. ആന്റിയുടെ വീട് അവിടെയാണ്. അവിടെനിന്നും ഞങ്ങൾ ഫ്രഷ് ആയി. ആദ്യം പോയത് മൈസൂർ പാലസിലേക്ക്, പിന്നെ മൈസൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ടിപ്പുവിന്റെ സ്മരണ പുതുക്കുന്ന കോട്ടയിലേക്ക് ആയിരുന്നു. അവിടെ ധാരാളം ആയുധങ്ങളും തോക്കുകളും, പല ഉപകരണങ്ങളും, വടക്കുനോക്കിയന്ത്രം എന്നിവയൊക്കെ ചരിത്രത്തിലെ ഏടുകൾ തന്നെയാണെന്ന് ബോധ്യമായി. അവിടെ,അടുത്തൊരു പുഴയുണ്ട് അതിന് 'പട്ടൺ' എന്ന് പറയും അവിടെ ചാടിയും നീന്തിയും അവരുടെ വൈവിദ്യയായ ആഹാരം കഴിച്ച് ഞങ്ങൾ നീങ്ങി. മൃഗശാലയിൽ എത്തി,പാമ്പുകളു പലതരത്തിലുള്ള മൃഗങ്ങളെ കണ്ടാൽതന്നെ പേടിയാവും.വൃന്ദാവൻ ഗാർഡൻ, ശരിക്കും ഒരു പൂമ്പാറ്റയായി ആ പൂക്കളിലെ തേൻ നുകരാനും പൂക്കളിലെ ഭംഗി ആസ്വദിക്കാനും കഴിയുന്ന ഒന്നായിരുന്നു.അവിടെനിന്ന് കുറെ ചെടികൾ വാങ്ങി. പക്ഷിസങ്കേതത്തിൽ എത്തി അതൊരു രോമാഞ്ചം തരുന്ന അനുഭവമായിരുന്നു. പലതരം കിളികളും ഈണവും,താളവും,ബോട്ടിലൂടെ സഞ്ചരിക്കുമ്പോൾ പുഴയും ഇരുവശങ്ങളിലും മരങ്ങളിൽ ഇല കാണാതെ കിളികൾ നിറഞ്ഞുനിൽക്കുന്നു. ജീവിതത്തിലാദ്യമായി മുതലയെ കണ്ടതും അവിടെയായിരുന്നു. വീട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും സന്ധ്യയായി. പിന്നെ ക്ഷീണം കൊണ്ട് ഉറങ്ങിപ്പോയി. ഉറങ്ങിയെണീറ്റപ്പോൾ എല്ലാം സ്വപ്നം പോലെ..........

റിൻഷ

# *ARABIC QUOTES*

امي هي القلب اللذي يبقيني حياً

*"My mother is the heart that keeps me alive."*

لا يصيبنا إِلا ما كتب الله لنا .

*"Nothing will happen to us except what god has written for us."*

لو تقدر تسعد احد ولو بكلمة لا تقص

*"Never miss an opportunity to put a smile on someone's face."*

افضل الاشياء في الحياة تأتي مع الصبر

*"The best things in life come with patience."*

السعاده هي عندما تتوقف عن مقارنة نفسك بالاخرين*Happiness is when you* stop *comparing yourself to other people."*

*Nuha Fathim . K ,*

# GIFTS OF WORLD........



The girls are born to shine
but they are always stuck in their life
because of some problems that
dray them down

The girls are born to be free
but are dragged to their initial point
they are the shining stars of future.
so let them free

but they are always stuck in their life
let them see the world.
please help remove the darkness in their life
then they will bloom like a sunflower
why are they acting cruel to the girls
how would they think like that
what 's the reason...?
who knows....!

they can dream...they have to dream

they have to achieve them
let them see the future...
let them...

their passion grows like a sun
spreading light to this dark world
and makes it a paradise
but they are stuck....
inside a wall that keeps all their dreams...
like its in a cage that nobody opens
but let them free...
let them go...

they are born to shine
intelligence,smartness,kindness
love,honest,skills & emotions
they will show the world
that they're the best in the world.

their voice is just like angels
who sing hymns in the heaven
their frozen melody....
creates happiness in the world
the angels of peace....

the girls are born to glow
their passion and dreams
leads them to the top
they are the gift of god
let them....

their dreams....if it is burnt
will rise to life again and again
just like a phoenix
that never dies

and the burning passion never ends.

one day,they will return
they will fight in this society
they will break the walls of cruelty
they will remove the darkness
the never cry and show who they are
the phoenix has reborn
the dream goes on.....

nobody can stop them
they will be free
they will get a chance to be free...
they will spread their wings
and soar to the universe to find
its edge....


they will open the heart of us
they will remove the darkness
the happiness of the world will return

'cause they're the gift of world
they're the legends
so respect them....

SHARON ELSA VARGHESE

X.H

# BEST FRIENDS FOREVER




I sit alone thinking of you
And all the things we've both been through
you are my soul mate,my very best friend
and I know you will be there till the end
Although we are going separate ways
you're in my heart till I breathe my last
nothing can make a person see
how special a friend you
A friend like you is hard to find
you put my problems all behind
you were when no one cared
the best times were one we shared
we've been together through good and bad
you made me laugh when I was sad
and no one else could ever be
our time together is wilting away
more and more every day
but now until the very end

**YOU WILL ALWAYS BE MY SPECIAL**

Angel Elizabeth Chacko
IX F

# THE GIVING TREE



Once there was a tree ....
and she loved a little boy
And every day the boy would come
and he would gather her leaves
and make them into crowns
and play king of the forest..
He would climb up her trunk
and swing from her branches
and eat apples.
And the would play hide -and-go -seek
and when he was tired
he would sleep in her shade.
And the boy loved the tree....very much
and the boy grew older.
One day the tree said,'come,boy,come
and swing on my branches
and eat apples and play in my
shade and be happy;
'I am too big to climb and play'
'I want to buy things and have fun
I want some money?' said the boy
I am sorry,said the tree,but I
have no money
I have only leaves and apple
Take my apples,Boy,and sell will be happy '
And so the boy climbed up the
tree and gathered he apples
and carried them away
And the tree was happy

# *LOVE YOUR FAMILY*




Josna. K.M

# *നശിപ്പിക്കുകയാണ് നാം പരിസ്ഥിതിയെ*



ഒരു പരിസ്ഥിതി ദിനം കൂടി എത്തിക്കഴിഞ്ഞിരിക്കുന്നു. ഇത്തവണയും ആശങ്കകളും ഉൽക്കണ്ഠകളും തന്നെയാണ് ബാക്കിവരുന്നത്. അതിരൂക്ഷമായ വരൾച്ചയിൽ ഒരു പരിസ്ഥിതി വരെ വേനൽമഴ നമ്മളെ കാത്തു എന്നുവേണം കരുതാൻ അതുതന്നെ ആശാവഹമല്ല. 22 വർഷത്തിനുശേഷം റെക്കോർഡ് മഴ നമുക്ക് കിട്ടിയെങ്കിലും അത് ഒന്നും ജലക്ഷാമത്തിനു പരിഹാരമായില്ല. പുഴകളിൽ നടക്കുന്ന അതിശക്തമായ മണലൂറ്റൽ ആണ് വെള്ളം ശേഖരിച്ചു വെച്ചു വയ്ക്കുന്നതിൽ പുഴകൾ പരാജയപ്പെട്ടത് എന്നായിരുന്നു പരമാർത്ഥം.

അത്യാഗ്രഹത്തിന് ഇല്ല എല്ലാവർക്കും ആവശ്യത്തിനുള്ളത് എന്നും പ്രകൃതിയിലുണ്ട് നമ്മുടെ പൂർവ്വികർ പ്രാചീനകാലത്തു തന്നെ വൃക്ഷങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിയിരുന്നു. പരിസ്ഥിതിയുമായുള്ള സന്തുലന സമ്പർക്കം ഒരു വ്യക്തിയുടെ മാത്രം ആവശ്യമല്ല സമൂഹത്തിൻറെ ആകെ കടമയാണ് ഗണിക്കപ്പെടുന്നത്.

നമുക്കെന്ത് ചെയ്യാൻ കഴിയും?

പ്രകൃതി വിഭവങ്ങളുടെ ചൂഷണം കാർബൺ ഡൈയോക്സൈഡിന്റെ അമിതമായ പുറന്തള്ളൽ പരിസ്ഥിതിക്ക് കോട്ടംവരുത്തുന്ന ജനപ്രവർത്തനങ്ങൾ, വനനശീകരണം, പ്ലാസ്റ്റിക് ഉപയോഗം, ജലം, വായു, മണ്ണ്, മാലിന്യം ആകുന്ന പ്രവർത്തനങ്ങൾ, ഊർജ്ജ ഉപയോഗം, ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം എന്നിവയെല്ലാം കുറയ്ക്കണം.

- സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാലിന്യങ്ങൾ സംസ്കരിക്കുക
- സസ്യ ജന്യ ഉൽപ്പന്നങ്ങൾ റീസൈക്കിൾ ചെയ്യുക
- നിലവിലുള്ള സാഹചര്യത്തിൽ തൃപ്തരായി പ്രകൃതി ചൂഷണം പരമാവധി കുറക്കുക.
- ജനസംഖ്യാവർദ്ധനവ് നിയന്ത്രിക്കുക
- ആവശ്യത്തിനനുസരിച്ച് ഉൽപനങ്ങൾ നിർമിക്കുക.

- ആവാസ മേഖലകളിലുള്ള കടന്നുകയറ്റം ഒഴിവാക്കുക

- റീസൈക്കിൾ ചെയ്യാൻ പറ്റുന്ന ഉൽപനങ്ങൾ ഉപയോഗിക്കുക

നാം ജീവിക്കുന്ന ചുറ്റുപാട് അനുദിനം ഗുരുതരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ് . ഈ പ്രപഞ്ചവും അതിന്റെ താളവും അവസ്ഥയും എങ്ങനെ ആയിരിക്കും നമ്മുടെ ഭാവി തലമുറകളിൽ എത്തിച്ചേരുക എന്ന് നാം എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അതു നമുക്ക് ലഭിച്ചതുപോലെ ജനവാസ യോഗ്യമായിരിക്കുമോ? പരിസ്ഥിതിയെക്കുറിച്ച് മാധ്യമങ്ങൾ നൽകുന്ന വാർത്തകൾ പരിശോധിക്കുമ്പോൾ ഈ ചോദ്യങ്ങൾക്ക് പ്രസാദാത്മകമായ ഒരു മറുപടി കണ്ടെത്തുക അസാധ്യമാണ് .

ഷിംന . സി . പി

# യാത്രയയപ്പ്

ഇറങ്ങിപ്പോക്ക്
അത് കയറി വന്നതുപോലെ
അത്ര എളുപ്പമല്ല
ആർക്കും. . . . . . . .
വേർപ്പെടുത്തി പോകുമ്പോഴുള്ള
നീറ്റലിൽ നിന്നാണ് തിരിച്ചറിയുക
മനസ്സെവിടെയൊക്കെയോ
കൊളുത്തിക്കിടന്നിരുന്നെന്ന് . . . . .
നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന
വേദനയിൽ നിന്നാണ്,
പലരും കൂടെയുണ്ടായിരുന്നെന്ന്
ബോധ്യപ്പെടുന്നത്.
ഒഴിഞ്ഞു കൊടുക്കേണ്ടതാണ്
ഓരോ ഇടങ്ങളുമെന്ന
തിരിച്ചറിവ് നേടുന്നതും.
തിരിച്ചിറങ്ങുമ്പോൾ തന്നെ
ഏൽപ്പിച്ച് കൊടുക്കുന്നവർക്ക്
ഏറ്റെടുക്കാൻ കഴിയാത്ത
പകരക്കാർക്ക് പകരമാകാൻ കഴിയാത്ത
ചില ദൗത്യങ്ങൾ അപ്പോഴും
തനിച്ചാകുന്നുണ്ടിവിടെ
ഓരോ ഇറങ്ങിപ്പോക്കുകളുടേയും
ബാക്കിപത്രവും
അതുതന്നെയാണ്



# അലസത നമ്മുടെ മുഖ്യശത്രു

അലസത എന്നവാക്കിന് മടി എന്ന അർത്ഥമാണ്.മനുഷ്യനെ എല്ലാതരത്തിലുള്ള വളർച്ചയ്ക്കും ശത്രുവായ് വർദ്ധക്കുന്ന ഒരു സ്വഭാവമത്രെ മടി. "മടി കുടി കെടുത്തും"എന്നൊരു പഴഞ്ചൊല്ലുള്ളത് നമ്മെ ഓർമിപ്പിക്കുന്നതും ഇതുതന്നെയാണ്. വിദ്യാർത്ഥികളുടെ ഒരു പൊതു ശത്രുവായി മടി പോരാടുന്നു. വിദ്യാഭ്യാസകാലത്ത് മടി കൂട്ടിന് വന്നാൽ വിദ്യാഭ്യാസം അവതാളത്തിൽ എത്തിച്ചേരും എന്നതിൽ സംശയമില്ല. അലസത പലപ്പോഴും മനുഷ്യരെഅവന്റെ ചുമതലകൾ പൂർത്തിയാക്കാൻ അനുവദിക്കാറില്ല. ജീവിതാനുഭവങ്ങളിൽ എന്തെങ്കിലുമൊരു സാഹചര്യത്തിൽ അലസത നമുക്ക് ഒരു ഗുണമായി വന്നെങ്കിൽ വീണ്ടും വീണ്ടും അലസത വിളിച്ചു വരുത്തുന്നത് ശരിയല്ല. കാരണം"വിധിച്ചതേ എന്നും വരൂ". അലസത മനോഭാവങ്ങളെ ക്ഷണിച്ചുവരുത്തുന്നത് ടെലിവിഷൻ തുടങ്ങിയ ദൃശ്യമാധ്യമങ്ങൾ ചെറിയൊരു പങ്ക്വഹിക്കുന്നുണ്ട് എന്ന് പറയുന്നതിൽ തെറ്റില്ല. നിലവാരം കുറഞ്ഞ സീരിയലുകളുടേയും സിനിമകളുടെയും സ്വാധീനതയിൽ ആയാൽ വിദ്യാർത്ഥികൾ തങ്ങളുടെ കർത്തവ്യത്തെ ഒരുവശത്ത് ചുരുട്ടിവെക്കുന്നതിനെ അലസതയുടെ വശീകരണം കൊണ്ടുതന്നെ. അമിത ഉറക്കം, ചില അന്ധവിശ്വാസങ്ങൾ, സാമൂഹ്യ സമത്വങ്ങൾ, മുതലായവ അലസതയുടെ പൂർണ്ണരൂപം എന്നതിൽ സംശയം വേണ്ട. ഗുണത്തിന് വിപരീതമാണ് ദോഷം എങ്കിൽ ഗുണപാഠങ്ങൾ എല്ലാം പഠിച്ചു വളർന്ന ഒരു വിദ്യാർത്ഥിക്ക് വിപരീതമാണ് അലസൻ. ഈ നിലയിൽ നാം അലസൻ ആവുന്നത് എത്രയോ മോശം!
ഈശ്വര സൃഷ്ടിയിൽ ഏറ്റവും ശ്രേഷ്ഠൻ മനുഷ്യനാണെന്ന്പറയപ്പെടുന്നു. അ

തിനു പല കാരണങ്ങൾ ഉണ്ട്. അതിൽ പ്രധാനമായത് ബുദ്ധിശക്തികൊണ്ട് നന്മതിന്മകൾ തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള അവന്റെ ബുദ്ധി അല്ലെങ്കിൽ കഴിവാണ്. ഇപ്രകാരം അവൻ അറിവിന്റെ നില നിസ്സഹായതയിൽ ആണെങ്കിലും മനുഷ്യനിൽ ചില ദോഷങ്ങൾ കടന്നുകൂടിയിട്ടുണ്ട്. അലസതയെ ഒഴിവാക്കണമെങ്കിൽ ഈശ്വരവിശ്വാസം വേണം. മാത്രമല്ല ഈ ടെലിവിഷൻ, മൊബൈൽഫോൺ എന്നതിന്റെ ഉപയോഗം കുറയ്ക്കുക. പഠിക്കാൻ തുടങ്ങുന്നതിനും മുൻപേ ദൈവത്തോട് പ്രാർത്ഥിച്ചു പഠിക്കുക.

Archana.P.V

# FATHER....

someone look up to even when you grow up

someone  who thinks you are  uncommonly beautiful

someone who supports his family in every situation

someone who shines in pride when you  win

someone who sacrifices everything for the happiness of his family

every  child's super hero

who introduces the world to you

who gives you living

Every daughters first love.

Someone  makes  sure you know  the value of starving

who  personifies  responsibility

someone   teaches you to get up from a fall

someone  teaches you walk of life

someone  teaches   you to learn from your own experiences
who reflects reality

one who loves with an expression in the eyes is a"father".

Afrin.T.H.
IX.F

## അനുഭവക്കുറിപ്പ്,

അനന്തമായ ഓർമ്മകളിൽ ഒരായിരം ഓർമ്മകൾ സമ്മാനിച്ച രാജസ്ഥാൻ യാത്ര. അപരിചിതത്വത്തിൽ നിന്നും സൗഹൃദത്തിന് പടിവാതിലിൽ കൈപിടിച്ച കയറ്റിയ സുഹൃത്തുക്കൾ. വാത്സല്യത്തിന്റെ പടവുകൾ ഇറങ്ങി ഒട്ടേറെ യാതനകൾ സഹിച്ച ലക്ഷ്യത്തിനുവേണ്ടി പ്രയത്നിച്ചപ്പോഴെല്ലാം തണലായി നിന്ന അധ്യാപകർ.....ഒരിക്കലും മറക്കാനാവാത്ത മുഖങ്ങളും ഒരുപിടി നല്ല ഓർമ്മകളും നിറഞ്ഞ യാത്ര തുടരുന്നു....

രാജസ്ഥാനിൽ വെച്ച് നടന്ന 27ാം ബേസ് ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുവാൻ ഭാഗ്യം കിട്ടിയതിൽ ഒരുപാട് സന്തോഷമുണ്ട്. എറണാകുളത്ത് വെച്ച് നടന്ന ഓപ്പൺ സെലക്ഷനാണ് ആദ്യപടി. 14 ജില്ലകളിൽ നിന്നും 45 കുട്ടികൾ വീതം പങ്കെടുത്ത ആ ഓപ്പൺ സെലക്ഷനിൽ 22 കുട്ടികളെ സെലക്ട് ചെയ്തു. അതിൽ അംഗങ്ങളാകാൻ ഞങ്ങൾക്ക് സാധിച്ചു. പിന്നീട് പതിനഞ്ചു ദിവസത്തെ ക്യാമ്പ് എറണാകുളം ഫോർട്ട് കൊച്ചിയിൽ വെച്ച് നടക്കുന്നു. അതിന് ഞങ്ങൾ 3-9-18 രാവിലെ 6 മണിയുടെ ട്രെയിനിൽ കയറി. രണ്ടു മണിയായപ്പോൾ എറണാകുളത്തെത്തി. 12 ജില്ലകളിലെ കുട്ടികൾ, ആരെയും അറിയില്ല.

പതുക്കെ പതുക്കെ എല്ലാവരുമായി സൗഹൃദം തുടങ്ങി, വീട്ടിലേക്ക് ഫോൺ വിളിക്കാൻ അരമണിക്കൂർ സമയം തരും. ചിട്ടയായ പരിശീലനം വീണ്ടും. അങ്ങനെ പതിനഞ്ചാം ദിവസം 22 കുട്ടികളിൽനിന്ന് 16 പേരെ സെലക്ട് ചെയ്തു. റിസൽട്ട് വായിച്ചു. അപ്പോഴും ദൈവം ഞങ്ങളെ കൈവിട്ടില്ല. r16 പേരിൽ അംഗങ്ങളാകാൻ ഞങ്ങൾക്ക് സാധിച്ചു .

പിറ്റേദിവസം 16-9-18 ഞങ്ങൾ ആഗ്രഹിച്ച രാജസ്ഥാൻ യാത്രതുടങ്ങി. മൂന്നുദിവസം ട്രെയിൻയാത്ര അടിപൊളിയായിരുന്നു. ഇരുപതാം തീയതി ഞങ്ങൾ രാജസ്ഥാനിൽ എത്തിച്ചേർന്നു. അവിടെ ഒരു സ്കൂളിലായിരുന്നു താമസം. വളരെ വൃത്തിയായി ഇരുന്ന് മുറി. അവിടെ ഹിന്ദി ക്കാരാണ്, അവരോട് എങ്ങനെയോ തട്ടിമുട്ടി കഴിഞ്ഞു. പിറ്റേ ദിവസം രാവിലെ പാലി മാൾവാറിൽ ബംഗാട് സ്റ്റേഡിയത്തിൽ വെച്ചായിരുന്നു കളി. ആദ്യകളി ആസാമും ആയിട്ടായിരുന്നു, അവരോടു ഞങ്ങൾ 1/14 ന്ജയിച്ചു. പിറ്റേദിവസം മണിപ്പൂരി നോട്, 1/ 7 ന് ജയിച്ചു. വളരെ രസകരമായിരുന്നു.23-9-18 ഞങ്ങൾ പുറപ്പെടാൻ തുടങ്ങി. പക്ഷേ അതിനുമുമ്പ് ഞങ്ങൾ രാജസ്ഥാനിലെ തലസ്ഥാനമായ ജയ്പൂരിൽ കറങ്ങാൻ പോയി, ജയ്പൂർ കൊട്ടാരവും കണ്ടു. വളരെ

രസകരമായ അനുഭവമായിരുന്നു. പിന്നെ ഞങ്ങൾക്ക് അവിടെ ഇഷ്ടപ്പെട്ടതായി ഒന്ന് മാത്രമായിരുന്നു. അവിടത്തെ ഭക്ഷണം. അവിടുത്തെ ചപ്പാത്തി, പച്ചരി, ചോറ്, കിഴങ്ങു കറി എന്നും ഇതുതന്നെയായിരുന്നു. ഞങ്ങൾക്ക് ഈ ഭക്ഷണം എന്നും ആയതുകൊണ്ടുതന്നെ ഞങ്ങൾക്കിത് മടിക്കുന്നതായിരുന്നു. അതുകൊണ്ടുതന്നെ നമ്മുടെ കേരളത്തിലെ ചോറ് മീൻകറിയെല്ലാം മിസ് ചെയ്തു.

അങ്ങനെ ട്രെയിനിൽ വീണ്ടും മൂന്നുദിവസം. പോയത് പോലെയായിരുന്നില്ല തിരിച്ചുവരവ്. എല്ലാവർക്കും ഒരുപാട് സങ്കടം. അങ്ങനെ എല്ലാവരെയും പിരിഞ്ഞു ഞങ്ങൾ ഷൊർണൂരിൽ ഇറങ്ങി. ഞങ്ങൾക്ക് ഞങ്ങളുടെ ജീവിതത്തിൽ ഇത്രയും ഉയർച്ച ഉണ്ടാകാൻ കാരണം ഞങ്ങളുടെ കോച്ച്, ഞങ്ങളുടെ കൂടെനിന്ന് സപ്പോർട്ട് ചെയ്ത എൻറെ അധ്യാപകർ, എൻറെ രക്ഷിതാക്കൾ, കൂട്ടുകാർ, അവരുടെ പ്രാർത്ഥനയും സ്നേഹവും ഞങ്ങളുടെ കൂടെയുണ്ടായിരുന്നു, അതുകൊണ്ടാണ് ഷൊർണൂരിൽനിന്ന് നിലമ്പൂരിൽ എത്തിയപ്പോൾ ഞങ്ങളുടെ സ്കൂളിലെ അധ്യാപകർ റെയിൽവേ സ്റ്റേഷനിൽ മാലയും ബൊക്കയും കൊണ്ട് ആദരിക്കാൻ വന്നപ്പോൾ സന്തോഷംകൊണ്ട് ഞങ്ങളുടെ കണ്ണു നിറഞ്ഞു. സ്കൂളിൽ വലിയ സ്വീകരണം വെച്ച് കാത്തിരിക്കുകയായിരുന്നു എല്ലാവരും. ഞങ്ങൾക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകാരമായി ഞങ്ങൾ അതിനെ കാണുന്നു.

ജീവിതത്തിനു മുന്നിൽ ഒരിക്കലും തോൽക്കാത്ത ഒരു മനസ്സും ആത്മവിശ്വാസവും ഉണ്ടെങ്കിൽ ഏത് അംഗീകാരവും നമ്മെ തേടി വരികതന്നെ ചെയ്യും.

ഹർഷ സത്യൻ **-X.D,**
അതുല്യ.കെ.എ. **-X.I**

# समय का महत्व



समय हमारे जीवन का एक महत्वपूर्वक कार्य है I समय के बिना हम हमारे जीवन में कुच्छ भी नहीं कर पाते I जो समय का महत्व नहीं समझते उन्हें पछताना पड़ता है I समय पर उठना, समय पर खेलना और पढ़ना इन सभी बातों का महत्व है I समय पर काम करने से ही सफलता मिलती है I समय गुजर जाने से हम कई बार पराजित हो जाते हैं I बीते हुए समय को कोई भी नहीं लौटा सकता I इसीलिए समय को नष्ट नहीं करना चाहिए I हर क्षण का उपयोग करना चाहिए I सभी महान व्यक्तियों ने समय का आदर किया है, उसके महत्व को समझाया है I आलसी व्यक्ति समय को बर्बाद कर देते हैं I ऐसे लोग समय को फालतू कामों में बिता देते हैं I बाद में वे अनेक प्रकार का दुख उठाते हैं I इसीलिए हमें समय का महत्व जानकर उसका पूरा लाभ उठाना चाहिए I

**DURGA.P**

**IX I**

# Little kites in school

' Little KITEs IT clubs are an unique initiative of KITE, which feature over 1 lakh student members. The HI- School KuttiKoottam programme, which was part the public education Rejuvenation Mission of the state government, through which students were given an intense training in five areas such as animation, cyber safety, Malayalam computing, hardware and electronics, have been structurally upgraded in student police cadets models, does becoming 'little kites it clubs'. Little KITEs IT set to became the largest student IT network in the country.

* OBJECTIVES OF LITTLE KITEs PROGRAMS

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspective of ICT tools, so as to make use of them for their learning activities.

3. Ensure participation of students in the usage and on keeping on ICT equipments at School, thereby increasing the productivity of the school is ICT enabled learning .

4. To empower students to Undertake minor technical issues of ICT equipments.

5. To enrich students on proper and safe in the internet usage and cyber security, also to inculcate the importance of language computing.



# ഹരിതസ്വർഗ്ഗം തേടി

മല കയറി, മഴ നനഞ്ഞു... ഇതാ ധോണി എന്ന ഹരിത സ്വർഗ്ഗം.... ആർത്തിരമ്പി എത്തിയ ഇടവപ്പാതിയിൽ മനസ്സ് കുതിർന്നു. ഇനി ഇടമുറിയാത്ത കർക്കിടകം ആണ്. പഴയ കാലമല്ല. പറയുന്നപോലെ മഴ പെയ്യണം എന്നില്ല. പ്രകൃതി കനിയുമ്പോൾ ആവോളം ആസ്വദിക്കണം, തണുത്ത് വിറക്കുവോളം മഴ നനയണം.......

പാലക്കാട് വനമേഖലയിലെ ഓലക്കോട് റെയ്ഞ്ചിന് കീഴിൽ ഉള്ള സംരക്ഷിത വനമാണ് ധോണി. വനത്തിലൂടെ നാലര കിലോമീറ്റർ കാൽനടയാത്രയും ധോണി വെള്ളച്ചാട്ടവും ആണ് പ്രധാന ആകർഷണം.

പെട്ടെന്നുള്ള തീരുമാനങ്ങൾ പെട്ടെന്നുതന്നെ നടപ്പിലാക്കണം. അതിനാൽ,തന്നെ ഞങ്ങൾ യാത്ര തുടങ്ങി.



വലിയൊരു കവാടത്തിനുമുന്നിൽ ഞങ്ങളുടെ കാർ എത്തിനിന്നു.മതിൽകെട്ടിനു മുകളിൽ " ചേനാത്ത് നായർ റിസേർവ് ഫോറസ്റ്റ് " എന്ന മേൽവിലാസം കാണാം. വലിയൊരു വള്ളുവനാടൻ പ്രമാണി കുടുംബത്തിലെ തോട്ട ഭൂമിയായിരുന്നു ഇവിടം. കാട്ടിനുള്ളിൽ ബംഗ്ലാവിന്റെ അവശിഷ്ടങ്ങൾ ഉണ്ടെന്ന് അറിയാൻ കഴിഞ്ഞു. എന്നാൽ വിനോദസഞ്ചാരികൾക്ക് അങ്ങോട്ട് പ്രവേശനമില്ല. വനംവകുപ്പിൻെറ വലിയൊരു കെട്ടിടത്തിലാണ് ടിക്കറ്റ് വിതരണം. ഒരാൾക്ക്

100 രൂപ. ഒപ്പം വനയാത്രയുടെ അപകടകരമായ ബാധ്യത സ്വമേധയാൽ ഏറ്റെടുക്കുന്നുവെന്ന് യാത്രികരെല്ലാം ഒപ്പിട്ടു നൽകണം. കല്ലുപാകിയ വന റോഡിലൂടെ ഞങ്ങൾ കാൽനടയാത്ര തുടങ്ങി.
നല്ല പച്ചപ്പും നനവുമുള്ള കാലാവസ്ഥയുമുണ്ടെങ്കിലും കാട്ടിലെ അരുവിയിൽ വെള്ളം കുറവാണ്. നിരപ്പായ കല്ലുപാത കുറച്ചുദൂരംമാത്രം. മലമുകളിലേക്കുള്ള വളഞ്ഞുപുളഞ്ഞ കയറ്റങ്ങളാണ് കൂടുതലും...........
ഇരു വശങ്ങളിലെ പാറക്കെട്ടുകൾ വെള്ളച്ചാട്ടത്തിനായി കാത്തിരിക്കുന്ന പോലെ.....!
കാഴ്ചകളൊക്കെ കൊള്ളാം. എന്നാൽ കാലാവസ്ഥ കണ്ടിട്ട് മഴ നനയണം എന്ന എൻറെ ആഗ്രഹം നടക്കുമെന്ന് തോന്നുന്നില്ല. കാട്ടുമൃഗങ്ങളെയൊന്നും കാണാനായില്ല. വലിയൊരു മരത്തിൻെറ ചില്ലയിൽ കാട്ടുതേനീച്ചയുടെ ഭീമൻകൂട് കണ്ടു. വിവിധതരത്തിലുള്ള പക്ഷികളും ദർശനം തന്നുകൊണ്ടിരുന്നു.

കയറ്റത്തിൻെറ മൂന്നാമത്തെ വളവ് ആദ്യം ആശ്വാസവും പിന്നാലെ നിരാശയും തരുന്നതായിരുന്നു.മുളങ്കസേരകൾ ആയിരുന്നു ആശ്വാസം. നിരാശ, ഇനിയും മൂന്നുകിലോമീറ്റർ പോകാനുണ്ടെന്ന ബോർഡും.


മഴയുടെ ലക്ഷണമൊന്നും കാണുന്നില്ല. ഞങ്ങൾ നല്ല തണുപ്പുള്ള അന്തരീക്ഷമായിരുന്നിട്ടും വിയർക്കാൻ തുടങ്ങി. പിന്നീട് ഇരുന്ന് യാത്ര. യാത്രയുടെ വേഗത കുറഞ്ഞു. 750 മീറ്റർ എന്ന ബോർഡ് കണ്ടപ്പോൾ ചെറിയൊരാശ്വാസം തോന്നി. പിന്നീട് കയറ്റവും അവിടെ അവസാനിക്കുന്നത് കണ്ടപ്പോൾ ആശ്വാസം കൂടി വന്നു... പുകയുന്ന തീക്കനലിൽ ആരോ വെള്ളമൊഴിച്ചത് പോലെ.... സമാധാനമായി..അൽപനേരം വിശ്രമിച്ചു........യാത്ര തുടർന്നു.......

ഒരു ചെറിയ ഇറക്കത്തോടെ ധോണി എന്ന ലക്ഷ്യസ്ഥാനത്തിൻെറ ദൂരം വളരെ കുറഞ്ഞു.വലിയൊരു വെള്ളച്ചാട്ടമാണ് പ്രതീക്ഷിച്ചതെങ്കിലും വലിയ വലിയ പാറക്കെട്ടുകൾക്കിടയിലെ ചെറിയ അരുവിയാണ് കാണാൻ സാധിച്ചത്... ചുറ്റും മരങ്ങൾ... നല്ല തണുപ്പ്... അടുത്തുള്ള ആൽമരത്തിൻ ചോട്ടിൽ ഞാൻ ഇരിപ്പുറപ്പിച്ചു. കൂടെയുള്ളവർ പലസ്ഥലങ്ങളിലായി ഒറ്റയ്ക്കിരുന്ന മുളങ്കസേരകളിലും സ്ഥാനമുറപ്പിച്ചു. പ്രകൃതി രമണീയമായ സ്ഥലം. നാലുകിലോമീറ്റർ ദൂരമുള്ള വനയാത്രയും ധോണി വെള്ളച്ചാട്ടം എന്ന കൊച്ചു അരുവിയും കണ്ട് ദൈവം കനിഞ്ഞ പാലക്കാടിൻെറ ആരുമറിയാത്ത പച്ചപ്പിനെയും തൊട്ടറിഞ്ഞ് ഞങ്ങൾ യാത്ര തിരിച്ചു... പ്രകൃതിയെ അറിഞ്ഞ്.. മൃഗങ്ങളെയും പക്ഷികളെയും തൊട്ടറിഞ്ഞ്...

ദൈവത്തിൻെറ വേറെ അനുഗ്രഹങ്ങളെ തേടി........
പ്രതീക്ഷയോടെ...........

മുഫീദ.എ
9.G.

# Truth of school life




A First Bench Student Knows

The Answer of every problem

BUT

The Last Bench Student Knows

How To Face every problem......!



# എന്റെ ബാല്യം

ജീവിതം  മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴയ്ക്കും പിന്നെ
എവിടെയോ  പോയൊളിക്കും
കാശിത്തുമ്പകൾ അല്ലോ നമ്മൾ

മഴ വരും നേരമാർത്തു വിളിച്ചത്
നനഞ്ഞുണ്ടോരെൻ  ബാല്യം
എല്ലാം  കണ്ടൊരു ചിരിയാർന്നു
നിൽക്കുമെന്ന് തേൻമാവും മുത്തശ്ശി
പഴങ്ങളാൽ എന്നെ
ഒരുപാട് സൽക്കരിച്ചിരുന്നു

അനഘ  . പി
8-H




# FOR A FRIEND

When we first become friends
I didnt realize we would be
As close as we are today
You are the friend I can always turn
to
Whenever I need someone to listen
With open mind
And an open heart
You are the one who
stands by me
Through all good times
and most important
Through All bad times
And because you are such
An important part of my
life
I just had to let you know
How much you really
mean to me
I hope we will always be good friend

ANUJA VARGHESE
8-J

# മഴയായ് നിൻ ഓർമ്മകൾ



നിറഞ്ഞു പെയ്യുന്ന മഴ

എനിക്ക് നൽകുന്നത് നിൻെറ
ഓർമ്മകളാണ്...

ഇടവഴിയിലൂടെ വിരൽതുമ്പിൽ
പിടിച്ചു.... പിന്നെ...,

മഴയുടെ ശബ്ദത്തിൽ ലയിച്ചു

നിന്നെ മാത്രം സ്വപ്നം കണ്ട
രാവുകൾ

പിന്നെയുമൊരു മഴദിനത്തിൽ

എന്നിലേക്ക് നിൻെറ ജീവിതം
പകുത്ത് -

നീ നൽകവേ.......

ഒടുക്കമൊരു പെരുമഴക്കാലം...

നിനച്ചിരിക്കാതെ വന്ന മഴ
മേഘങ്ങൾക്കൊപ്പം

നീ തനിയെ....
യാത്രയായ്......

നിറഞ്ഞു പെയ്യുന്ന മഴ

എനിക്ക് നൽകുന്നത് നിൻെറ ഓർമകളാണ്

മഴയിൽ നീരാടിയ മാമരങ്ങളും

മഴമേഘം പെയ്തൊഴിഞ്ഞ വാനിലും....

ഒരു കുളിർ തെന്നലായി തലോടി

അകലുമ്പോൾ.......

ഇന്നിവിടെ ഞാൻ ഏകയായ്.....

നിറഞ്ഞു പെയ്യുന്ന മഴ

എനിക്ക് നൽകുന്നത് നിൻെറ ഓർമ്മകളാണ്.

Shahanas shirin 9 I

"With GUNS,
you can kill terrorists,
with EDUCATION,
we can kill terrorism".

"We realise the importance of our voice only when we are SILENT"

"One child,
one teacher,
one book
and one pen
can change the world."

"If one man can destroy everything,why cant one girl change it?"

**"Let us pick up our books and our pens,they are the most powerful weapons"**

-MALALA YOUSAFZAI-

**COLLECTED BY: AVANI P , ARPPITHA THOMAS , ANUGRAHA T**

# മിന്നുന്നതെല്ലാംപൊന്നല്ല.................

**ട്രെ**യിൻ വരാൻ ഇനിയും രണ്ടുമണിക്കൂർ ബാക്കിയുണ്ട്. സംസാരിക്കാൻ ഒരാളെയെങ്കിലും കിട്ടിയിരുന്നെങ്കിൽ അയാൾ ആത്മഗതം ചെയ്തു.




അയാൾ ചുറ്റും ഒന്ന് കണ്ണോടിച്ചു. എല്ലാവരും തിരക്കിലാണ്. മൊബൈൽഫോണിൽ കിന്നാരം പറയുന്നവർ, പുസ്തകങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നവർ, കയ്യിൽ ഒതുങ്ങാത്ത വലിയ ടാബുകളിൽ കളിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ. തങ്ങളുടേതായ സ്വകാര്യ ലോകത്തിലൂടെ സഞ്ചരിക്കുന്നവർ. എല്ലാവരും തിരക്കിലാണ്. ആർക്കും സമയമില്ല. തല ഉയർത്തി, ഒന്ന് പുഞ്ചിരിക്കാൻ പോലും...... ഇത്രയും ജനത്തിരക്കുള്ള ഈ റെയിൽവേ സ്റ്റേഷനിൽ ഏകനായി ഇരിക്കുന്നത് താൻ മാത്രമാണെന്ന് അയാൾക്ക് തോന്നി.

"ഹലോ...., താങ്കൾ ഒറ്റയ്ക്കാണെന്ന് തോന്നുന്നു". തന്റെ നേർക്ക് ഈ ചോദ്യശരം അയച്ച വ്യക്തിയെ കാണാനുള്ള ആകാംക്ഷയിൽ, അയാൾ തലയുയർത്തി. വൃത്തിയായി വസ്ത്രധാരണം നടത്തിയ, സുമുഖനായ, കാഴ്ചയിൽ മാന്യനെന്നു തോന്നിക്കുന്ന ഒരാൾ. അയാളും തന്നെപ്പോലെ സംസാരിക്കാൻ ഒരാളില്ലാതെ വിഷണ്ണനായി ഇരിക്കുകയാണെന്ന് ഒറ്റനോട്ടത്തിൽ വ്യക്തം. അയാൾ ആഗതന് നേരെ കൈനീട്ടി. ദീർഘമായ ഒരു ഹസ്തദാനം നടത്തി. മനസ്സിന്റെ ഭാരം അയാൾക്കുമുന്നിൽ കെട്ടഴിച്ചു. എത്രസമയം അവർ സംസാരിച്ചിരുന്നു

എന്നറിയില്ല. ഒടുവിൽ ആഗതൻ എഴുന്നേറ്റു."എനിക്കുള്ള ട്രെയിൻ എത്തി. ഇനി വിധിയുണ്ടെങ്കിൽ വീണ്ടും കാണാം." എന്നുപറഞ്ഞ് ദീർഘമായ ഒരു ആലിംഗനം നടത്തി. ട്രെയിനിൽ കയറിയ ആഗതനുനേരെ കൈവീശി കാണിച്ചു കൊണ്ട് അയാൾ തൻെറ ഇരിപ്പിടത്തിൽ ഇരുന്നു. ഈ ലോകത്തിൽ ഈ കാലത്തും ഇങ്ങനെ മറ്റുള്ളവരോട് സംസാരിക്കാൻ മനസ്സു കാണിക്കുന്ന ആളുകൾ ഉണ്ടല്ലോ എന്ന് അതിശയപ്പെട്ടു. പെട്ടെന്ന് അയാളുടെ തലച്ചോറിലൂടെ ഒരു മിന്നൽപിണർ പാഞ്ഞു."ദൈവമേ......എൻെറ ഫോണും പേഴ്സും." അയാൾ തലയിൽ കൈവച്ച് പറഞ്ഞു. അപ്പോൾ മറ്റൊരു ട്രെയിനിന്റെ ഇരമ്പൽ അയാളുടെ കാതിൽ അലയടിക്കുന്നുണ്ടായിരുന്നു.

ഹിബ ഹംസ
൧-ജി

# പ്രാർത്ഥന........

ഭക്തിയോടെന്നുമേ കൈതൊഴുന്നേൻ

നിത്യസ്വരൂപനാം തമ്പുരാനേ............

മനസ്സിൻെറ ദുഃഖവും വേദനയും

ആമോദവും ചിരി സ്വപ്നങ്ങളും

എന്നെന്നും നിൻ മുൻപിൽ പങ്കിടുന്നു

ഗാനമാകുന്നൊരെൻ ജീവിതത്തിൽ

ശ്രുതി താള ബോധങ്ങളില്ലാത്തൊരെൻ

മനസ്സിൻെറ വേദന അറിയുന്നുവോ

അക്ഷര മുറ്റത്തിലെത്തി നിൽപ്പൂ

ശരിയേത് തെറ്റേത് അറിയില്ല

നേർവഴി നീയെനിക്കേകീടണേ

സർവ്വ ചരാചരങ്ങൾക്കുമീ ധരണി-

യിൽ എന്നെന്നും
അനുഗ്രഹമേകീടണേ..............



HARSHA BINEESH 8-I

## തിരിച്ചറിവ്..



**ഫോ**ണിന് വിലകൂടിയ കവർ ഇട്ട് തൻെറ
റോയൽ എൻഫീൽഡിൽ ഫുൾടാങ്ക് പെട്രോളും
അടിച്ച് 100 KM സ്പീഡിൽ
കുതിച്ചുപാഞ്ഞപ്പോഴും അയാൾ ഹെൽമറ്റ്
ഇടാൻ മറന്നിരുന്നു...
പ്രിയപ്പെട്ടവരെ ഓർത്തതുമില്ല.....

ഷഹനാസ് ഷിറിൻ
9-I

## *Tongue Twisters*



*I wish to wish the wish you*

*wish to wish, but if you*

*wish to wish the witch*

*wishes, I won't wish the*

*wish you wish to wish*

*Red Robin,the red river rat,*

*ran right round to*

*the rabbit's rickety*

*rocking chair,*

*and rubbed his rosy,rusty,*

*red rump on the rumpled*

*red rug*

*Luke Luck  likes lakes*

*Luke's  duck  likes lakes*

*Luke Luck  licks lakes*

*Luck's  duck  licks lakes*

*Duck takes licks  in lakes*

*Luke Luck likes*

*A  flea and a fly in a flue*

*Said the fly*

*"Oh what should we do"*

*Said the flea"  Let us fly"*

*Said the fly"Let us flee"*

*So  they flew*

*through a  flaw in the flue*

*Huda Abdul Jaleel ,*
*Nuha Fathim . K*

# ആദ്യ വിദ്യാലയം



വീട്ടിലെ കുഞ്ഞുമനസ്സെത്തി നോക്കവേ,

കേട്ടതാ കുഞ്ഞു കിളിയുടെ വാക്കുകൾ

ആ കിളിനാദത്തെ കാതോർത്തു നിൽക്കവേ

കേട്ടതാ തന്നുടെ ജീവിത സ്പന്ദനങ്ങൾ

ഒരു കൊച്ചു ഭവനത്തിൻ ജീവിതം ചലനങ്ങൾ

അതിനുള്ളിലവരുടെ വലിയ കർത്തവ്യങ്ങൾ

അച്ഛനമമ്മയും ഈ രണ്ടു മക്കളും

മുത്തശ്ശിയമ്മയും മുത്തച്ഛനും

അച്ഛനാവുന്നിതാ വീട്ടിലെ മുഖ്യമാം

അധ്യാപനത്തിൻെറ നാൾ വഴികൾ

ഗ്രഹത്തിലെ മറ്റുള്ള ശിഷ്യരെ എല്ലാമേ

ശാസിച്ചു നയിക്കുന്ന ചൂരൽവടി


വൃദ്ധന്മാരിരുവരും അധ്യാപനത്തിനു
ശേഷം പഠിക്കുന്ന വിദ്യാർഥികൾ
തന്നെ ഇപ്പോൾ പഠിപ്പിക്കും ഗുരുവതോ



അവരുടെ ആദ്യത്തെ വിദ്യാർത്ഥിയും
വീട്ടിലെ മുഖ്യമാം കുസൃതി തരത്തിന്റെ
ഉടമയായീടുന്ന കുഞ്ഞുങ്ങളോ
അവിടുള്ള അധ്യാപനത്തിന്റെ
ചൊല്ലി പഠിക്കുന്ന വിദ്യാർത്ഥികൾ
കുസൃതിയെ നേരിട്ട് സ്നേഹത്തിൻ വിദ്യകൾ
ഉള്ളിലേക്കെറിയുന്ന മാതൃ ജന്മം
ഇവരെല്ലാമൊത്തൊരുമിക്കുന്നതെന്നെന്നോ
അതുതന്നെയാണത് വിദ്യാലയം

**ജിൽസൺ.കെ. ജോബ്**

***X.E***


I am glad, you are always there for me when I need someone to really guide me.
TEACHER.........
YOU ARE MY FAVOURITE


We must build dikes of courage to hold back the flood of fear.
Martin Luther King, Jr.

# ***WORLD DAYS TO REMEMBER***

**JANUARY**

27:-Day to remember the Holocaust

**FEBRUARY**

20:- World Day of Social Justice

**MARCH**

22:- Water Day

**APRIL**

23:-English Language Day

**MAY**

31:-World No -Tobacco Day

**JUNE**

5:- World Environment

**JULY**

11:-World Population Day

**AUGUST**

12:- International Youth day

**SEPTEMBER**

21:- Day of Peace

**OCTOBER**

24:-United Nations Day

**NOVEMBER**

10:- World Science Day

**DECEMBER**

10:- Human Rights Day

# MOM

For all the times that I forgot to "thank-you,"
For all the special, little things you do,
For all the words that sometimes go unspoken,
I need to say, "I love you, Mom...I do.

I love you for the way you stop and listen,
And for your kind support throughout the years,
For teaching me the meaning of compassion,
And sharing in my triumphs and my tears.

And, if at times, I may have seemed ungrateful,
I want to say, "I truly hope you see,
That nothing you have done has been forgotten,
And day by day you just mean more to me.

# DISCIPLINE

**Discipline** is the **100%** needed word in our life

D-is the 4th letter of the alphabet

I-is the 9th letter of the alphabet

S-is the 19th letter of the alphabet

C-is the 3rd letter of the alphabet

I-is the 9th letter of the alphabet

P-is the 16th letter of the alphabet

L-is the 12th letter of the alphabet

I-is the 9th letter of the alphabet

N-is the 14th letter of the alphabet

E-is the 5th letter of the alphabet

Discipline:4+9+19+3+9+16+12+9+14+5=**100%**

**Devapriya**



–

# കൃതജ്ഞത

പോത്തുകൽ കാതോലിക്കേറ്റ് ഹൈസ്കൂളിലെ രണ്ടാമത്തെ നാച്ചുറൽ സയൻസ് അധ്യാപികയായി സൂസന്നമ്മ മാത്യു ടീച്ചർ 13.8.1984 ൽ ആണ് സർവീസിൽ പ്രവേശിച്ചത്. സ്തുത്യർഹമായ 35 വർഷത്തെ സേവനങ്ങൾക്ക് ശേഷം ടീച്ചർ 2019 മാർച്ചിൽ റിട്ടയർ ചെയ്യുകയാണ്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും സീനിയർ അസിസ്റ്റൻറ് എന്ന നിലയിലും തിളക്കമാർന്ന സേവനം അനുഷ്ഠിച്ച ടീച്ചർക്ക് ഈ സ്കൂളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും ഹൃദ്യമായ ആശംസകൾ .

**നന്ദി,**

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സമയബന്ധിതമായി നിർവഹിക്കേണ്ടി വന്ന ഒരു കർത്തവ്യം പൂർണ്ണതയിൽ എത്തുന്ന വേളയിൽ ഞങ്ങളുടെ ഹൃദയത്തിലെ സന്തോഷം ഞങ്ങൾ തിരിച്ചറിയുന്നു.

ദാ ഞങ്ങളുടെ ദൗത്യം ഇവിടെ അവസാനിക്കുകയാണ്. എങ്കിലും ഈ യാത്ര ഇവിടെ അവസാനിക്കുന്നില്ല.സ്ക്കൂളിന്റെ നാല് ചുവരുകൾക്കപ്പുറം ഒരു സമർപ്പണമായും വരും കാല വിദ്യാർത്ഥി സമൂഹത്തിന് പ്രചോദനമായും ഈ മാഗസിൻ എന്നും നിലനിൽക്കട്ടെ.....ദൗത്യ നിർവഹണത്തിന് അപ്പുറം ഒരു സ്വപ്നസാക്ഷാത്ക്കാരവും ഏറെ സന്തോഷവും തോന്നുന്ന നിമിഷവുമാണിത്. ചെറുതും വലുതുമായ നിരവധി കൃതികൾ നൽകിയ കൂട്ടുകാർക്കും.....
സൃഷ്ടിയുടെ പൂർണ്ണതയ്ക്ക് സഹായിച്ചവർക്കും,കൂടെ നിന്ന് പ്രചോദനം നൽകിയ ഗുരുക്കന്മാർക്കും, മാനേജ്മെൻറിനും ,രക്ഷിതാക്കൾക്കും, ഒപ്പംനിന്ന് ഈ സൃഷ്ടിക്കായി അധ്വാനിച്ച എല്ലാവർക്കും,ഞങ്ങളുടെ,ഒരായിരം,നന്ദി........